പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1230 **15-10-2026-ൽ മറുപടിയ്ക്ക്**

പി.എം. ശ്രീ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പി.എം. ശ്രീ പദ്ധതിയോടുള്ള ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

മറുപടി: മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പി.എം.ശ്രീ. പദ്ധതി ആരംഭിക്കുന്നതിന് പദ്ധതിയുടെ ധാരണാപത്രത്തിൽ സംസ്ഥാനം 2025 ഒക്ടോബറിൽ ഒപ്പുവച്ചിട്ടുണ്ട്. ധാരണാ പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽ നിന്ന് ഏകപക്ഷീയമായി പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പൊതു താൽപര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് Department of School Education and Literacy (DoSE&L)ന് മാത്രം ആയിരിക്കും.

കഴിഞ്ഞ സർക്കാർ പി.എം.ശ്രീ പദ്ധതി നടപ്പിലാക്കാമെന്ന് സമ്മതിച്ച് ധാരണാപത്രം ഒപ്പിടുകയും, ഒപ്പിട്ട ധാരണാപത്രത്തിൽ നിന്ന് പിന്മാറാൻ സംസ്ഥാനത്തിന് വ്യവസ്ഥ ഇല്ലാതിരിക്കുകയും വഴി ഉണ്ടായിട്ടുള്ള പ്രതിസന്ധിയാണ് ഈ സർക്കാരിന്റെ മുന്നിലുള്ളത്. സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന സിലബസ് അല്ലാതെ മറ്റൊരു പാഠ്യപദ്ധതിയും സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയില്ല എന്നുള്ളത് തന്നെയാണ് ഈ സർക്കാരിന്റെ നിലപാട്. മേൽ സാഹചര്യത്തിൽ പി.എം. ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.06.2026 ലെ ജി.ഒ.(എം.എസ്) നം.107/2026/പൊ.വി. വ. പ്രകാരം മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവികാര്യങ്ങൾ തീരുമാനിക്കുന്നത്.

(ബി) പി.എം. ശ്രീ പദ്ധതി നടത്തിപ്പുമായി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പി.എം.ശ്രീ. പദ്ധതി ആരംഭിക്കുന്നതിന് പദ്ധതിയുടെ ധാരണാപത്രത്തിൽ സംസ്ഥാനം 2025 ഒക്ടോബറിൽ ഒപ്പുവച്ചിട്ടുണ്ട്. ധാരണാ പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽ നിന്ന് ഏകപക്ഷീയമായി പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പൊതു താൽപര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് Department of School Education and Literacy (DoSE&L)ന് മാത്രം ആയിരിക്കും.

കഴിഞ്ഞ സർക്കാർ പി.എം.ശ്രീ പദ്ധതി നടപ്പിലാക്കാമെന്ന് സമ്മതിച്ച് ധാരണാപത്രം ഒപ്പിടുകയും, ഒപ്പിട്ട ധാരണാപത്രത്തിൽ നിന്ന് പിന്മാറാൻ സംസ്ഥാനത്തിന് വ്യവസ്ഥ ഇല്ലാതിരിക്കുകയും വഴി ഉണ്ടായിട്ടുള്ള പ്രതിസന്ധിയാണ് ഈ സർക്കാരിന്റെ മുന്നിലുള്ളത്. സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന സിലബസ് അല്ലാതെ മറ്റൊരു പാഠ്യപദ്ധതിയും സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയില്ല എന്നുള്ളത് തന്നെയാണ് ഈ സർക്കാരിന്റെ നിലപാട്. മേൽ സാഹചര്യത്തിൽ പി.എം. ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.06.2026 ലെ ജി.ഒ.(എം.എസ്) നം.107/2026/പൊ.വി. വ. പ്രകാരം മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവികാര്യങ്ങൾ തീരുമാനിക്കുന്നത്.

സെക്ഷൻ ഓഫീസർ